കേരള സർക്കാർ

സംഗ്രഹം

വനസംരക്ഷണം - മലപ്പുറം ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് അനുസരിച്ച് ജില്ലയിലെ ഫോറസ്റ്റ് ഡിവിഷനുകൾ, റെയ്ഞ്ചുകൾ മുതലായവയുടെ അതിരുകൾ പുനർനിർണ്ണയം ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുനത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി (ഇ) വകുപ്പ്

സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 58/88/വനം,
തീയതി, തിരുവനന്തപുരം, 1988 ജൂൺ 27

---

പരാമർശം: 1. 07.05.1988-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 42/88/വനം.
2. 04.06.1988-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 51/88/വനം.
3. മുഖ്യവനപാലകന്റെ 18.06.1988-ലെ സി.3-26241/87 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം 2-ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും, ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള വിജ്ഞാപനത്തിൽ വിശദീകരിച്ചപ്രകാരം മലപ്പുറം ജില്ലയിലെ വനങ്ങളുടെ ഡിവിഷനുകളുടെയും റെയ്ഞ്ചുകളുടെയും മറ്റും അതിരുകൾ അനുബന്ധത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ പുനർനിർണ്ണയം ചെയ്തുകൊണ്ടും പുതുക്കിയ സർക്കാർ ഉത്തരവ് ഇതിനാൽ പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.വി. ഹരികൃഷ്ണൻ നായർ,

സെക്രട്ടറി (കൃഷിയും വനവും).

## വനം (ഇ) വകുപ്പ്

### വിജ്ഞാപനം

നമ്പർ ജി.ഒ. (കൈയെഴുത്ത്) 59/88/വനം

തീയതി, തിരുവനന്തപുരം, 1988 ജൂൺ 27.

02.10.1962-ലെ കേരള ഗസറ്റ് വാല്യം VII നമ്പർ 39-ന്റെ പാർട്ട് I-ൽ പ്രസിദ്ധപ്പെടുത്തിയ 05.09.1962-ലെ ജി.ഒ.എം.എസ്. 1011/62 കൃഷി എന്ന ഉത്തരവിൽ ഫോറസ്റ്റ് ഡിവിഷനുകളുടെയും റെയ്ഞ്ചുകളുടെയും അതിരുകൾ നിർണ്ണയിച്ചിരുന്നു. ഈ ഉത്തരവിൽ നിലമ്പൂർ ഫോറസ്റ്റ് ഡിവിഷന്റെയും അതിന്റെ കീഴിലുള്ള നിലമ്പൂർ (ടെറിറ്റോറിയൽ) റെയ്ഞ്ച്, നിലമ്പൂർ (പ്രൈവറ്റ് ഫോറസ്റ്റ്) റെയ്ഞ്ച്, കരുളായി (ടെറിറ്റോറിയൽ) റെയ്ഞ്ച്, കാളികാവ് (പ്രൈവറ്റ് ഫോറസ്റ്റ്) റെയ്ഞ്ച് എന്നീ, നാലു റെയ്ഞ്ചുകളുടെയും അതിരുകളും ആസ്ഥാനങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. 1971-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും, പതിച്ചുകൊടുക്കലും) നിയമമനുസരിച്ച് ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയ മലപ്പുറം ജില്ലയിലെ വനങ്ങൾ നിലമ്പൂർ ഡിവിഷനിലുള്ള റിസർവ്വുവനങ്ങളുമായി ഇടകലർന്നു കിടക്കുന്നു.

മലപ്പുറം ജില്ലയിലെ ഈ നിക്ഷിപ്തവനങ്ങളും റിസർവ്വുവനങ്ങളും ഭരണസൗകര്യത്തിനുവേണ്ടി ഉത്തര നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ, ദക്ഷിണ നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നു. ഓരോ ഡിവിഷനിലുമുള്ള റിസർവ്വുവനങ്ങളും നിക്ഷിപ്തവനങ്ങളും അതാതു ഡിവിഷനിലെ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ അധികാരാതിർത്തിയിലായിരിക്കും.

ഉത്തര നിലമ്പൂർ ഫോറസ്റ്റ് ഡിവിഷനിലുള്ള റിസർവ്വുവനങ്ങളെയും നിക്ഷിപ്തവനങ്ങളെയും എടവണ്ണ, നിലമ്പൂർ, വഴിക്കടവ് എന്നിങ്ങനെ മൂന്ന് റെയ്ഞ്ചുകളായും ഈ റെയ്ഞ്ചുകളെ താഴെപ്പറയുന്ന ഏഴ് ഫോറസ്റ്റ് സ്റ്റേഷനുകളായും ആറു ബീറ്റുകളായും വിഭജിക്കുന്നു.

### ഉത്തര നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ

| റെയ്ഞ്ചുകളുടെ പേര് | ഫോറസ്റ്റ് സ്റ്റേഷൻ / ബീറ്റ് |
|---|---|
| എടവണ്ണ | അകമ്പാടം ഫോറസ്റ്റ് സ്റ്റേഷൻ |
| | എടക്കോട് ഫോറസ്റ്റ് സ്റ്റേഷൻ |
| | കൊടുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ |
| | അരിപ്രകുത്ത് ബീറ്റ് |
| | പൊക്കോട് ബീറ്റ് |
| നിലമ്പൂർ | വാണിയമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ |
| | കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ |
| | പനയങ്കോട് ബീറ്റ് |
| | ഏറമ്പാടം ബീറ്റ് |
| | കാനക്കുത്ത ബീറ്റ് |
| | വള്ളുവശ്ശേരി ബീറ്റ് |
| വഴിക്കടവ് | നെല്ലിക്കുത്ത ഫോറസ്റ്റ് സ്റ്റേഷൻ |
| | പോത്തുകൽ ഫോറസ്റ്റ് സ്റ്റേഷൻ |

മേൽ പറഞ്ഞപ്രകാരം രൂപീകരിക്കുന്ന ഡിവിഷനുകളുടെയും റെയ്ഞ്ചുകളുടെയും ഫോറസ്റ്റ് സ്റ്റേഷനുകളുടെയും അതിരുകൾ ബീറ്റിലുൾപ്പെട്ട വനങ്ങൾ എന്നിവ താഴെ പട്ടികയിൽ പറയുന്ന പ്രകാരം നിർണ്ണയിച്ച് വിജ്ഞാപനം ചെയ്യുന്നു.

## പട്ടിക

1. ഫോറസ്റ്റ് ഡിവിഷനുകളുടെ അതിര്

| | | |
|---|---|---|
| ഡിവിഷന്റെ പേര് | : | ഉത്തര നിലമ്പൂർ ഡിവിഷൻ. |
| ആസ്ഥാനം | : | നിലമ്പൂർ |
| റെയ്ഞ്ചുകളുടെ എണ്ണം | : | മൂന്ന് |
| | | എടവണ്ണ |
| | | നിലമ്പൂർ |
| | | വഴിക്കടവ് |

## അതിര്

വടക്ക്: മലപ്പുറം-കോഴിക്കോട് ജില്ലകളുടെ പൊതു അതിർത്തിയിലൂടെ അറേബ്യൻ കടൽ മുതൽ കേരള - തമിഴ്നാട് അതിർത്തി വരെ. അവിടെ നിന്ന് കേരള - തമിഴ്നാട് അതിർത്തിയിലൂടെ വാപ്ഷേർ പീക്കുവരെ.

കിഴക്ക്: വാപ്ഷേർ പീക്കുമുതൽ എടക്കര, ചുങ്കത്തറ, നിലമ്പൂർ വില്ലേജുകളുടെ കിഴക്കേ അതിരിലൂടെ അമരമ്പലം, മമ്പാട്, നിലമ്പൂർ വില്ലേജുകളുടെ അതിരുകൾ സന്ധിക്കുന്നിടം വരെ. പിന്നീട് വടപുറം പുഴയുടെ വലത്തേ കരയിലൂടെ വടപുറം പാലം വരെ. തുടർന്ന് ഗൂഡല്ലൂർ - കോഴിക്കോട് റോഡുവഴി മഞ്ചേരി വരെ. അവിടെ നിന്നു മഞ്ചേരി - മലപ്പുറം റോഡിലൂടെ മലപ്പുറം വരെ.

തെക്ക്: മലപ്പുറത്ത് നിന്ന് മലപ്പുറം - കോട്ടക്കൽ റോഡുവഴി കോട്ടക്കൽ. അവിടെ നിന്ന് എൻ.എച്ച്.17-ലൂടെ എടരിക്കോട് ജംഗ്ഷൻ. തുടർന്ന് എടരിക്കോട് - തിരൂർ റോഡിലൂടെ തിരൂർ. പിന്നീട് തിരൂർ - ചമ്രവട്ടം റോഡിലൂടെ ഭാരതപ്പുഴ വരെ. ഭാരതപ്പുഴയുടെ വലത്തേകരയിലൂടെ അറേബ്യൻ കടൽ വരെ.

പടിഞ്ഞാറ്: മലപ്പുറം ജില്ലാതിർത്തിയിലൂടെ വടക്കോട്ട്.

2. ഫോറസ്റ്റ് റെയ്ഞ്ചുകളുടെ അതിര്

1. റെയ്ഞ്ചിന്റെ പേര് : എടവണ്ണ റെയ്ഞ്ച്
ആസ്ഥാനം : എം.എം. താണ
സ്റ്റേഷനുകളുടെ എണ്ണം : മൂന്ന്
അകമ്പാടം
എടക്കോട്
കൊടുമ്പുഴ
ബീറ്റുകളുടെ എണ്ണം : രണ്ട്
അരിപ്രക്കത്ത
പൊക്കോട്

<u>അതിര്</u>

വടക്ക്: മലപ്പുറം-കോഴിക്കോട് ജില്ലകളുടെ പൊതു അതിർത്തിയിലൂടെ അറേബ്യൻ കടൽ മുതൽ കിഴക്കോട് കാഞ്ഞിരപ്പുഴ വരെ. അവിടെ നിന്ന് കാഞ്ഞിരപ്പുഴയുടെ ഇടത്തേതീരത്തുകൂടി ചാലിയാർ വരെ.

കിഴക്ക്: അവിടെ നിന്ന് ചാലിയാറിന്റെ വലത്തേ തീരത്തുകൂടി തെക്കോട്ട് വടപുറം പുഴ ചാലിയാറിൽ ചേരുന്ന സ്ഥലം വരെ. തുടർന്ന് വടപുറം പുഴയുടെ ഇടത്തേ തീരത്തുകൂടി ഗൂഡല്ലൂർ - കോഴിക്കോട് റോഡിൽ വടപുറം പാലം വരെ.

തെക്ക്: വടപുറം പാലം മുതൽ ഗൂഡല്ലൂർ - കോഴിക്കോട് റോഡിലൂടെ മഞ്ചേരി വരെ. അവിടെ നിന്ന് മഞ്ചേരി - മലപ്പുറം റോഡിലൂടെ മലപ്പുറം വരെ. മലപ്പുറം - കോട്ടയ്ക്കൽ റോഡിലൂടെ കോട്ടയ്ക്കൽ വരെ. പിന്നീട് എൻ.എച്ച്. 17-ലൂടെ എടരിക്കോട് ജംഗ്ഷൻ വരെ. എടരിക്കോട്-തിരൂർ റോഡിലൂടെ തിരൂർ വരെ. തിരൂർ-ചമ്രവട്ടം റോഡിലൂടെ ഭാരതപ്പുഴ വരെ. ഭാരതപ്പുഴയുടെ വലത്തേ കരയിലൂടെ അറേബ്യൻ കടൽ വരെ.

പടിഞ്ഞാറ്: പിന്നീട് വടക്കോട്ട് മലപ്പുറം ജില്ലാതിർത്തി.

2. റെയ്ഞ്ചിന്റെ പേര് : നിലമ്പൂർ റെയ്ഞ്ച്
ആസ്ഥാനം : മാളകം
സ്റ്റേഷനുകളുടെ എണ്ണം : രണ്ട്
വാണിയമ്പുഴ
കാഞ്ഞിരപ്പുഴ

| | | |
|---|---|---|
| ബീറ്റുകളുടെ എണ്ണം | : | നാല് |
| | | പനയങ്കോട് |
| | | ഏറമ്പാടം |
| | | കാനക്കുത്ത |
| | | വള്ളുവശ്ശേരി |

<u>അതിര്</u>

വടക്ക്: മലപ്പുറം-കോഴിക്കോട് ജില്ലകളുടെ പൊതു അതിർത്തിയും കാഞ്ഞിരപ്പുഴയും സന്ധിക്കുന്നിടത്തുനിന്ന് തുടങ്ങി മലപ്പുറം-കോഴിക്കോട് ജില്ലകളുടെ പൊതു അതിരിലൂടെ വടക്ക് കിഴക്കോട്ട് ചാലിയാർ ജില്ലാതിർത്തിയുമായി സന്ധിക്കുന്നിടം വരെ.

കിഴക്ക്: അവിടെ നിന്ന് ചാലിയാറിന്റെ ഇടത്തേ തീരത്തുകൂടി നീർപ്പുഴ ചാലിയാറിൽ ചേരുന്ന സ്ഥലം വരെ. പിന്നീട് നീർപ്പുഴയുടെ വലത്തേകരയിലൂടെ മുണ്ടേരി - പാലുണ്ട റോഡ് വരെ. തുടർന്ന് മുണ്ടേരി - പാലുണ്ട റോഡിലൂടെ മുണ്ടേരി - പാലുണ്ട റോഡ് കോഴിക്കോട് - ഗൂഡല്ലൂർ റോഡിൽ ചേരുന്നിടം വരെ. പിന്നീട് കോഴിക്കോട് - ഗൂഡല്ലൂർ റോഡുവഴി മരുതപ്പുഴയിലെ എടക്കരപ്പാലം വരെ. അവിടെ നിന്ന് മരുതപ്പുഴയുടെ വലത്തേ കരയിലൂടെ പുന്നപ്പുഴ വരെ. തുടർന്ന് പുന്നപ്പുഴയുടെ വലത്തേ തീരത്തുകൂടി പുന്നപ്പുഴ ന്യൂ അമരമ്പലം റിസർവ്വുമായി ചേരുന്നിടം വരെ. അവിടെ നിന്ന് എടക്കര വില്ലേജിന്റെയും ന്യൂ അമരമ്പലം റിസർവ്വിന്റെയും അതിരിലൂടെ. പിന്നീട് ചുങ്കത്തറ വില്ലേജിന്റെയും അമരമ്പലം വില്ലേജിന്റെയും അതിരിലൂടെ. തുടർന്ന് നിലമ്പൂർ വില്ലേജിന്റെയും അമരമ്പലം വില്ലേജിന്റെയും അതിരിലൂടെ വടപുറം പുഴവരെ.

തെക്ക്: തുടർന്ന് വടപുറം പുഴയുടെ ഇടത്തേ തീരത്തുകൂടി ചാലിയാർ വരെ.

പടിഞ്ഞാറ്: അവിടെ നിന്ന് വടക്കോട്ട് എടവണ്ണ റെയ്ഞ്ചിന്റെ അതിർത്തിയിലൂടെ മലപ്പുറം - കോഴിക്കോട് ജില്ലാതിർത്തിവരെ.

| | | | |
|---|---|---|---|
| 3. | റെയ്ഞ്ചിന്റെ പേര് | : | വഴിക്കടവ് റെയ്ഞ്ച് |
| | ആസ്ഥാനം | : | വഴിക്കടവ് |
| | സ്റ്റേഷനുകളുടെ എണ്ണം | : | രണ്ട് |
| | | | നെല്ലിക്കുത്ത |
| | | | പോത്തുകൽ |

<u>അതിര്</u>

വടക്ക്: കോഴിക്കോട്-മലപ്പുറം ജില്ലാതിർത്തിയിൽ ചാലിയാർ സന്ധിക്കുന്നിടത്തു നിന്ന് വടക്കു കിഴക്കോട്ട് ജില്ലാതിർത്തിയിലൂടെ കേരള - തമിഴ്നാട് അതിർത്തിവരെ. തുടർന്ന് സംസ്ഥാനാതിർത്തിയിലൂടെ തെക്ക് കിഴക്കോട്ട് വാപ്ഷേർ പീക്കുവരെ.

കിഴക്ക്: വാപ്ഷേർ പീക്കിൽ നിന്ന് ന്യൂ അമരമ്പലം റിസർവ്വിന്റെ വടക്കേ അതിരിലൂടെ പുന്നപ്പുഴയുടെയും കോരമ്പുഴയുടെയും സംഗമം വരെ. തുടർന്ന് പുന്നപ്പുഴയുടെ വലത്തേ കരയിലൂടെ പുന്നപ്പുഴ നിലമ്പൂർ റെയ്ഞ്ചിന്റെ അതിരുമായി ചേരുന്നിടം വരെ.

തെക്ക്: തുടർന്ന് നിലമ്പൂർ റെയ്ഞ്ചിന്റെ അതിർത്തിയിലൂടെ എടക്കര പാലം വരെ.

പടിഞ്ഞാറ്: പിന്നീട് നിലമ്പൂർ റെയ്ഞ്ചിന്റെ കിഴക്കേ അതിർത്തിയിലൂടെ കോഴിക്കോട് - മലപ്പുറം ജില്ലാതിർത്തിവരെ.

3. ഫോറസ്റ്റ് സ്റ്റേഷനുകളുടെ അതിര്

1. സ്റ്റേഷന്റെ പേര് : അകമ്പാടം ഫോറസ്റ്റ് സ്റ്റേഷൻ
   ആസ്ഥാനം : മൂലേപ്പാടം

<u>അതിര്</u>

വടക്ക്: വി.എഫ്.സി. 5-ാം ഐറ്റം മലപ്പുറം - കോഴിക്കോട് ജില്ലാതിർത്തിയിൽ ചേരുന്നിടം മുതൽ ജില്ലാതിർത്തിയിലൂടെ കാഞ്ഞിരപ്പുഴ തുടങ്ങുന്നിടം വരെ.

കിഴക്ക്: എടവണ്ണ റെയ്ഞ്ച് അതിർത്തി.

തെക്ക്: എടവണ്ണ റെയ്ഞ്ച് അതിർത്തിയിലൂടെ കുറുവാമ്പുഴയുടെയും ചാലിയാറിന്റെയും സംഗമസ്ഥാനം വരെ.

പടിഞ്ഞാറ്: അവിടെ നിന്ന് കുറുവാമ്പുഴ വഴി മുകളിലേക്ക് വി.എഫ്.സി. ഐറ്റം 5-ന്റെ അതിർത്തി വരെ. തുടർന്ന് വി.എഫ്.സി. ഐറ്റം 5-ന്റെ പടിഞ്ഞാറേ അതിരിലൂടെ കോഴിക്കോട് - മലപ്പുറം ജില്ലാതിർത്തി വരെ.

2. സ്റ്റേഷന്റെ പേര് : എടക്കോട് ഫോറസ്റ്റ് സ്റ്റേഷൻ
ആസ്ഥാനം : എം.എം. താണ

<u>അതിര്</u>

വടക്ക്: വി.എഫ്.സി. 40-ാം ഐറ്റത്തിന്റെ പടിഞ്ഞാറേ അതിര് കുറുവാമ്പുഴ കുറുകേ കടക്കുന്നിടത്തുനിന്ന് തുടങ്ങി പുഴയിലൂടെ താഴോട്ട് ചാലിയാറിൽ ചേരുന്നിടം വരെ.

കിഴക്കും തെക്കും: കുറുവാമ്പുഴ ചാലിയാറിൽ ചേരുന്നിടം മുതൽ ചാലിയാർ വഴി താഴോട്ട് വടപുറം പുഴ ചാലിയാറിൽ ചേരുന്ന സ്ഥലം വരെ. തുടർന്ന് വടപുറം പുഴ വഴി മുകളിലേക്ക് കോഴിക്കോട് - ഗൂഡല്ലൂർ റോഡുവരെ. കോഴിക്കോട് - ഗൂഡല്ലൂർ റോഡുവഴി തെക്കോട്ട് എടവണ്ണ, മഞ്ചേരി, അരീക്കോട് റോഡുകളുടെ ജംഗ്ഷൻ വരെ. പിന്നീട് എടവണ്ണ, അരീക്കോട് റോഡിലൂടെ പടിഞ്ഞാറോട്ട് പെരകമണ്ണ, എടവണ്ണ വില്ലേജുകളുടെ അതിർത്തി വരെ.

പടിഞ്ഞാറ്: തുടർന്ന് പെരകമണ്ണ, എടവണ്ണ വില്ലേജുകളുടെ അതിർത്തിയിലൂടെ വടക്കോട്ട് വി.എഫ്.സി. ഐറ്റം ആറിന്റെ പടിഞ്ഞാറേ അതിർത്തി വരെ. വി.എഫ്.സി. ഐറ്റം 6, 25, 40 എന്നിവയുടെ പടിഞ്ഞാറേ അതിർത്തിയിലൂടെ കുറുവാമ്പുഴ വരെയും.

3. സ്റ്റേഷന്റെ പേര് : കൊടുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ
ആസ്ഥാനം : വെറ്റിലപ്പാറ

<u>അതിര്</u>

വടക്ക്: എടവണ്ണ റെയ്ഞ്ച് തുടങ്ങുന്നിടത്തുനിന്ന് കോഴിക്കോട് - മലപ്പുറം ജില്ലാതിർത്തിയിലൂടെ അകമ്പാടം ഫോറസ്റ്റ് സ്റ്റേഷൻ തുടങ്ങുന്നിടം വരെ. തുടർന്ന് വി.എഫ്.സി. 5-ാം ഐറ്റത്തിന്റെ തെക്കേ അതിരിലൂടെ വി.എഫ്.സി. 40-ാം ഐറ്റത്തിന്റെ അതിർത്തിവരെ.

കിഴക്ക്: എടക്കോട് ഫോറസ്റ്റ് സ്റ്റേഷന്റെ പടിഞ്ഞാറേ അതിർത്തി. തുടർന്ന് എടക്കോട് ഫോറസ്റ്റ് സ്റ്റേഷന്റെ തേക്കേ അതിരിലൂടെ എടവണ്ണ, മഞ്ചേരി, അരീക്കോട് റോഡുകളും ജംഗ്ഷൻ വരെ.

തെക്ക്: തുടർന്ന് എടവണ്ണ റെയ്ഞ്ചിന്റെ തെക്കേ അതിരിലൂടെ.

പടിഞ്ഞാറ്: എടവണ്ണ റെയ്ഞ്ചിന്റെ പടിഞ്ഞാറേ അതിര്.

4. സ്റ്റേഷന്റെ പേര് : വാണിയമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ.
ആസ്ഥാനം : മാളകം

അതിര്

വടക്കും പടിഞ്ഞാറും: വെള്ളേരിമല പീക്ക മുതൽ വടക്കോട്ട് ജില്ലാ അതിർത്തിയിലൂടെ ചാലിയാർ വരെ.

കിഴക്ക്: അവിടെ നിന്ന് ചാലിയാറിന്റെ ഇടത്തേകര വഴി ചാലിയാറിന്റെയും കൊടിഞ്ഞിപ്പുഴയുടെയും സംഗമം വരെ.

തെക്ക്: പിന്നീട് കൊടിഞ്ഞിപ്പുഴ വഴി മുകളിലോട്ട് വെള്ളേരിമല പീക്കവരെ.

5. സ്റ്റേഷന്റെ പേര് : കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ.
ആസ്ഥാനം : മലാൻകുണ്ട്

അതിര്

വടക്ക്: കോഴിക്കോട്-മലപ്പുറം ജില്ലാതിർത്തിയും കാഞ്ഞിരപ്പുഴയും സന്ധിക്കുന്നിടത്തുനിന്ന് വടക്ക് കിഴക്കോട്ട് വെള്ളേരിമല പീക്കവരെ. പിന്നീട് വാണിയമ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ തെക്കേ അതിരിലൂടെ ചാലിയാർ വരെ.

കിഴക്ക്: നിലമ്പൂർ റെയ്ഞ്ചിന്റെ കിഴക്കേ അതിര്.

തെക്ക്: നിലമ്പൂർ റെയ്ഞ്ചിന്റെ തെക്കേ അതിര്.

പടിഞ്ഞാറ്: നിലമ്പൂർ റെയ്ഞ്ചിന്റെ പടിഞ്ഞാറേ അതിര്.

6. സ്റ്റേഷന്റെ പേര് : നെല്ലിക്കുത്ത ഫോറസ്റ്റ് സ്റ്റേഷൻ.
ആസ്ഥാനം : വഴിക്കടവ്

അതിര്

വടക്ക്: സംസ്ഥാനാതിർത്തിയും മരുതപ്പുഴയും സന്ധിക്കുന്നിടത്തുനിന്ന് സംസ്ഥാനാതിർത്തിയിലൂടെ കിഴക്കോട്ട് വാപ്ഷേർ പീക്കുവരെ.

കിഴക്ക്: വഴിക്കടവ് റെയ്ഞ്ചിന്റെ കിഴക്കേ അതിര്.

തെക്ക്: വഴിക്കടവ് റെയ്ഞ്ചിന്റെ തെക്കേ അതിർത്തിയിലൂടെ.

പടിഞ്ഞാറ്: തുടർന്ന് മരുതപ്പുഴയിലൂടെ മുകളിലേക്ക് സംസ്ഥാന അതിർത്തി വരെ.

7. സ്റ്റേഷന്റെ പേര് : പോത്തുകൽ ഫോറസ്റ്റ് സ്റ്റേഷൻ
ആസ്ഥാനം : കുനിപ്പാല

<u>അതിര്</u>

വടക്ക്: ചാലിയാർ, മലപ്പുറം - കോഴിക്കോട് ജില്ലാതിർത്തി കടക്കുന്നിടത്തുനിന്ന് വഴിക്കടവ് റെയ്ഞ്ച് അതിർത്തിയിലൂടെ വടക്ക് കിഴക്കോട്ട് നെല്ലിക്കുത്ത ഫോറസ്റ്റ് സ്റ്റേഷൻ അതിർത്തിവരെ.

കിഴക്ക്: നെല്ലിക്കുത്ത ഫോറസ്റ്റ് സ്റ്റേഷന്റെ പടിഞ്ഞാറെ അതിര്.

തെക്ക്: കോഴിക്കോട് - ഗൂഡല്ലൂർ റോഡ് മരുതപ്പുഴ കടക്കുന്നിടത്തുനിന്ന് കോഴിക്കോട് - ഗൂഡല്ലൂർ റോഡുവഴി പടിഞ്ഞാറോട്ട് പാലുണ്ട ജംഗ്ഷൻ വരെ.

പടിഞ്ഞാറ്: നിലമ്പൂർ റെയ്ഞ്ചിന്റെ കിഴക്കേ അതിര്.

4. ബീറ്റുകൾ

1. ബീറ്റിന്റെ പേര് : അരിമ്പ്രക്കുത്ത
ആസ്ഥാനം : അരിമ്പ്രക്കുത്ത
വിസ്തീർണ്ണം : 1.46 ച. കി. മീ.
ബീറ്റിൽ ഉള്ള വനങ്ങൾ : അരിമ്പ്രക്കുത്ത, പാണക്കാടൻ, കാളപ്പാറ എന്നീ റിസർവ്വ് വനങ്ങൾ.

2. ബീറ്റിന്റെ പേര് : പൊക്കോട്
ആസ്ഥാനം : പൊക്കോട്
വിസ്തീർണ്ണം : 3.48 ച. കി. മീ.
ബീറ്റിൽ ഉള്ള വനങ്ങൾ : പൊക്കോട് റിസർവ്വ് വനം,
അത്തിക്കൽ, മങ്കട കോവിലകം എന്നീ നിക്ഷിപ്ത വനങ്ങൾ.

| | | | |
|---|---|---|---|
| 3. | ബീറ്റിന്റെ പേര് | : | പനയങ്കോട് |
| | ആസ്ഥാനം | : | പനയങ്കോട് |
| | വിസ്തീർണ്ണം | : | 4.26 ച. കി. മീ. |
| | ബീറ്റിൽ ഉള്ള വനങ്ങൾ | : | പനയങ്കോട്, ആരവല്ലിക്കാവ് എന്നീ റിസർവ്വ് വനങ്ങൾ,<br>അരുവാക്കോട്, തൃക്കക്കാട്, കൂരാത്തി എന്നീ നിക്ഷിപ്ത വനങ്ങൾ. |
| 4. | ബീറ്റിന്റെ പേര് | : | ഏറമ്പാടം |
| | ആസ്ഥാനം | : | ഏറമ്പാടം |
| | വിസ്തീർണ്ണം | : | 5.01 ച. കി. മീ. |
| | ബീറ്റിൽ ഉള്ള വനങ്ങൾ | : | ഏറമ്പാടം റിസർവ്വ് വനം,<br>കൊടേരി ബിറ്റ്സ്, നെല്ലിപ്പൊയിൽ, കൊടേരി എന്നീ നിക്ഷിപ്തവനങ്ങൾ. |
| 5. | ബീറ്റിന്റെ പേര് | : | കാനക്കുത്ത |
| | ആസ്ഥാനം | : | കാനക്കുത്ത |
| | വിസ്തീർണ്ണം | : | 5.59 ച. കി. മീ. |
| | ബീറ്റിൽ ഉള്ള വനങ്ങൾ | : | കാനക്കുത്ത, ചാത്തമ്പൊറ്റ എന്നീ റിസർവ്വ് വനങ്ങൾ.<br>മുണ്ടാമ്പാടം, വയലാശ്ശേരി എന്നീ നിക്ഷിപ്തവനങ്ങൾ. |
| 6. | ബീറ്റിന്റെ പേര് | : | വള്ളുവശ്ശേരി |
| | ആസ്ഥാനം | : | വള്ളുവശ്ശേരി |
| | വിസ്തീർണ്ണം | : | 3.99 ച. കി. മീ. |
| | ബീറ്റിൽ ഉള്ള വനങ്ങൾ | : | വള്ളുവശ്ശേരി റിസർവ്വ് വനം,<br>കരിങ്കോരമണ്ണ, പാലുണ്ട ബിറ്റ്സ് എന്നീ നിക്ഷിപ്ത വനങ്ങൾ. |

Certified that the above details are Correct

എം. ശ്രീധരൻ നായർ, ഐ എഫ് എസ്.,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ നോർത്ത് ഡിവിഷൻ.

The above details are compared by me with reference to the original notification available in this office and found correct.
Kumaran
Cl- Section clerk
o/o the DFO, Nbr North.